# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2345. 09.12.2014 ൽ മറുപടിയ്ക്ക്.

### റോഡ് നികുതിയും വാഹന നികുതിയും

**ചോദ്യം**

ശ്രീ. കെ.അജിത്

**ഉത്തരം**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി)

**ചോദ്യം (എ)** സംസ്ഥാനത്ത് കഴിഞ്ഞ മൂന്ന സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റിൽ പ്രതീക്ഷിച്ച റോഡ് നികുതിയും വാഹന നികുതിയും എത്രയെന്നും യഥാർത്ഥത്തിൽ ലഭിച്ചതും സാമ്പത്തിക വർഷം തിരിച്ച് വ്യക്തമാക്കുമോ ;

**ഉത്തരം (എ)**

| റോഡ് നികുതി | ടാർജറ്റ് (രൂപ കോടിയിൽ) | കളക്ഷൻ (രൂപ കോടിയിൽ) |
|---|---|---|
| 2011-2012 | 1410.73 | 1500.91 |
| 2012-2013 | 1726.00 | 1831.15 |
| 2013-2014 | 2570.65 | 2091.77 |

**ചോദ്യം (ബി)** ഓരോ വർഷവും ലഭിച്ച പ്രസ്തുത നികുതികൾക്ക് മുൻ വർഷങ്ങളിൽ നിന്നും വന്ന വർദ്ധനവിന്റെ ശതമാനം എത്ര വീതമെന്നും വർഷം തിരിച്ച് വ്യക്തമാക്കുമോ ;

**ഉത്തരം (ബി)**

2013-2014 വർഷം – മുൻവർഷത്തേക്കാൾ 14.24% നികുതി വരുമാന വർദ്ധന ഉണ്ടായിട്ടുണ്ട്

2012-2013 വർഷം – മുൻവർഷത്തേക്കാൾ 22%

2011-2012 വർഷം - മുൻവർഷത്തേക്കാൾ 18.61%

**ചോദ്യം (സി)** കഴിഞ്ഞ 3 സാമ്പത്തിക വർഷങ്ങളിൽ റോഡ് നികുതിയിലോ, വാഹന നികുതിയിലോ വർദ്ധനവ് വരുത്തിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ വിശദാംശങ്ങൾ എന്തൊക്കെയെന്നും വെളിപ്പെടുത്തുമോ ?

**ഉത്തരം (സി)** ഉണ്ട്. ഫിനാൻസ് ആക്ട് 2012 പ്രകാരം, നികുതി വർദ്ധനവ് വരുത്തിയിട്ടുണ്ട്.

1. 5 ലക്ഷം വരെ പർച്ചേസ് വാല്യൂ ഉള്ള സ്വകാര്യ ആവശ്യത്തിന് ഉപയോഗിക്കുന്ന പ്രൈവറ്റ് സർവ്വീസ് വെഹിക്കിൾസ്, മോട്ടോർ കാർ എന്നിവയുടെ നികുതി, അവയുടെ പർച്ചേസ് വാല്യൂവിന്റെ 6% ആയി നിജപ്പെടുത്തി.

2. 5 ലക്ഷത്തിന് മുകളിൽ 10 ലക്ഷം വരെ പർച്ചേസ് വാല്യൂവുള്ള മേൽ വിവരിച്ച വാഹനങ്ങളുടെ നികുതി പർച്ചേസ് വാല്യൂവിന്റെ 8% ആയി നിജപ്പെടുത്തി
3. 10 ലക്ഷത്തിന് മുകളിൽ 15 ലക്ഷം വരെ പർച്ചേസ് വാല്യൂവുള്ള മേൽ

| | | | |
|---|---|---|---|
| | | | വിവരിച്ച വാഹനങ്ങളുടെ നികുതി പർച്ചേസ് വാല്യൂവിന്റെ 10% ആയി നിജപ്പെടുത്തി.<br><br>4. 15 ലക്ഷത്തിനു മുകളിൽ പർച്ചേസ് വാല്യൂവുള്ള മേൽവിവരിച്ച വാഹനങ്ങളുടെ നികുതി പർച്ചേസ് വാല്യൂവിന്റെ 15% ആയി നിജപ്പെടുത്തി. |

സെക്ഷൻ ഓഫീസർ.